(സി) പട്ടികജാതി വികസന വകുപ്പിൽ നിന്ന് മൂന്ന് അപേക്ഷകർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അനുവദിച്ചതായി കാണുന്നില്ല.

ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കാൻ നടപടി

126 [289] ശ്രീ. എ. കെ. ബാലൻ:

,, കെ. പി. സതീശ് ചന്ദ്രൻ:

,, കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ ആദിവാസികൾക്ക് സർക്കാർ പ്രഖ്യാപിച്ച ഭൂമി വിതരണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) സർക്കാർ പ്രഖ്യാപിച്ച അളവിൽ അർഹതപ്പെട്ടവർക്കെല്ലാം നൽകുന്നതിന് മൊത്തം എത്ര ഹെക്ടർ ഭൂമി വേണമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) ആദിവാസികൾക്ക് വിതരണം ചെയ്യാൻ എത്ര ഹെക്ടർ വനഭൂമി വിട്ടുകിട്ടാനാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്നത്;

(ഡി) ആവശ്യത്തെത്തുടർന്ന് കേന്ദ്ര സർക്കാർ ഭൂമി നൽകുവാൻ സമ്മതിച്ചുകൊണ്ട് എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; നിർദ്ദേശം സംസ്ഥാന സർക്കാരിന് ഏത് തീയതിയിലാണ് അറിയിച്ചിട്ടുള്ളത്?

ഉത്തരം

(എ) കേരളത്തിൽ 22052 ഭൂരഹിതരായ ആദിവാസി കുടുംബങ്ങളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതുവരെയായി 2245 കുടുംബങ്ങൾക്ക് 3210.38 ഏക്കർ ഭൂമി വിതരണം നടത്തിയിട്ടുണ്ട്. (അനുബന്ധം 1 കാണുക) ഇതു കൂടാതെ അനുബന്ധം 2-ൽ ഉൾപ്പെടുത്തിയിരിക്കുന്ന ഭൂമി ആദിവാസികൾക്ക് നൽകുന്നതിന് നടപടി എടുത്തു വരുന്നു.†

(ബി) സംസ്ഥാനത്ത് 22052 ഭൂരഹിത ആദിവാസി കുടുംബങ്ങളും ഒരേക്കറിൽ താഴെ ഭൂമിയുള്ള 32131 ആദിവാസി കുടുംബങ്ങളും ഉള്ളതായാണ് കണക്കാക്കിയിട്ടുള്ളത്. അർഹരായ കുടുംബങ്ങൾക്ക് ചുരുങ്ങിയത് ഒരേക്കറും, ഭൂമിയുടെ ലഭ്യതയനുസരിച്ച് പരമാവധി 5 ഏക്കർ വരെയും ഭൂമി നൽകാനാണ് നടപടികൾ സ്വീകരിച്ചുവരുന്നത്. ഭൂരഹിത കുടുംബങ്ങൾക്ക് ചുരുങ്ങിയത് ഒരേക്കർ നൽകുന്നതിന് 22052 ഏക്കർ ഭൂമി വേണം. എന്നാൽ 5 ഏക്കർ വീതം നൽകണമെങ്കിൽ 110260 ഏക്കർ ഭൂമി ആവശ്യമായി വരും.

---

† നിയമസഭാലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി 12,196 ഹെക്ടർ വനഭൂമി വിട്ടുകിട്ടുന്നതിനാണ് അനുവാദം ചോദിച്ചിരുന്നത്.

(ഡി) കേന്ദ്ര സർക്കാർ 7693.2257 ഹെക്ടർ ഭൂമി നൽകുവാൻ സമ്മതിച്ചിട്ടുണ്ട്. (നിബന്ധനകൾ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്). 6-2-2004-ലാണ് നിർദ്ദേശം അടങ്ങിയ കേന്ദ്ര സർക്കാരിന്റെ കത്ത് സംസ്ഥാന സർക്കാരിന് ലഭിച്ചത്.†

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകിയ ഡ്രൈവിംഗ് പരിശീലനം

127 [290] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2002, 2002-2003 വർഷങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനത്തിന് എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) എത്ര പേരെ ഡ്രൈവിംഗ് പരിശീലനത്തിന് തെരഞ്ഞെടുത്തു എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഭാഗങ്ങളെ തെരഞ്ഞെടുത്തത് എങ്ങനെയാണ്;

(ഡി) ഏതെല്ലാം സ്ഥാപനങ്ങളിലാണ് പരിശീലനം നടത്തിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഓരോ സ്ഥാപനവും എത്ര പേർക്ക് വീതം പരിശീലനം നൽകിയെന്നും ഓരോ സ്ഥാപനവും ഫീസിനത്തിൽ എത്ര രൂപ വീതം നൽകിയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

പിന്നോക്ക-പട്ടികജാതിക്ഷേമ ദുരിതാശ്വാസ നിധിയിൽ നിന്നും പാലക്കാട് ജില്ലയിൽ നൽകിയ ധനസഹായം

128 [291] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി പിന്നോക്ക-പട്ടികജാതിക്ഷേമ ദുരിതാശ്വാസ നിധിയിൽ നിന്നും പാലക്കാട് ജില്ലയിൽ എത്രയാളുകൾക്ക് സഹായം നൽകി; ഇതിന്റെ നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

† നിയമസഭാലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly